ഐ. ടി. പാർക്കുകളുടെ നവീകരണത്തിനായി പദ്ധതികൾ

70(1323) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തോമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന ഐ. ടി. പാർക്കുകളുടെ നവീകരണത്തിനായി ഇതുവരെ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞു ;

(ബി) പ്രസ്തുത രംഗത്ത് ഇനി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) വരും വർഷങ്ങളിൽ പ്രസ്തുത മേഖലയിൽ ഏതൊക്കെ പുതിയ സംരംഭങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ-സി) വിശദവിവരണങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ടെക്നോ ലോഡ്ജുകൾ

71(1324) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയറ്റുമതി രംഗത്ത് ഐ. ടി. മേഖലയിലെ വളർച്ചയുടെ തോത് എത്രയാണ്;

(ബി) സംസ്ഥാനത്ത് എത്ര ടെക്നോ ലോഡ്ജുകളാണ് നിലവിലുള്ളത്; ഇനി എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയത്?

ഉത്തരം

(എ) STPI-ൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ഈ സർക്കാർ വന്നതിന് ശേഷം ഐ.ടി. കയറ്റുമതി രംഗത്ത് 160 ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ കടയ്ക്കൽ, പെരിനാട് എന്നിവിടങ്ങളിലാണ് ടെക്നോ ലോഡ്ജുകൾ നിലവിലുള്ളത്. കൂടാതെ എറണാകുളം ജില്ലയിലെ തിരുമാറാടിയിലും, കൊല്ലം ജില്ലയിലെ വെളിയത്തും ടെക്നോ ലോഡ്ജുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇതിന് പുറമേ ഏഴ് ടെക്നോ ലോഡ്ജുകൾക്ക് കൂടി ഭരണാനുമതി നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly